ജുമുഅ പ്രഭാഷണം " ശഹ്റുൽ മുവാസാത്ത് " (02/06/17)


അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648


وَيُؤْثِرُونَ عَلَىٰ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۚ وَمَن يُوقَ شُحَّ نَفْسِهِ فَأُولَٰئِكَ هُمُ الْمُفْلِحُونَ (الحشر ٩)

വിശുദ്ധ റമളാന്റെ വിലപ്പെട്ട ആറു ദിവസങ്ങൾ കഴിഞ്ഞു പോയി. ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ പുണ്യമേറുകയാണ്. റഹ്മത്തിൽ നിന്ന് മഗ്ഫിറത്തിലേക്ക്, വീ ും ഇത്ഖിലേക്ക്.

➢ വിശുദ്ധ റമളാന്റെ സവിശേഷതയായി നബി(സ്വ) പഠിപ്പിച്ച ഒന്ന് മുവാസാത്താണ്. അഥവാ പരസഹായം.

عَنْ سَلْمَانَ قال (ص) ..... وَهُوَ شَهْرُ الصَّبْرِ ، وَالصَّبْرُ ثَوَابُهُ الْجَنَّةُ ، وَشَهْرُ الْمُوَاسَاةِ(ابن خزيمة

الْمُوَاسَاةُ: الْمُسَاهَمَةُ وَالْمُشَارَكَةُ فِي الْمَعَاشِ وَالرِّزْقِ (مرقاة)

(= വിഭവ, ജീവിത രംഗങ്ങളിൽ മറ്റുള്ളവരെ പങ്ക് ചേർക്കൽ, വിഹിതം നല്കൽ.) അപ്പോൾ മറ്റുള്ള വരെ സഹായിക്കൽ റമളാനിലെ മുഖ്യ അജണ്ടയും പ്രധാന പ്രവർത്തനവുമാകണം.

➢ മുവാസാത്തിന് വലിയ പ്രാധാന്യം നൽകിയ മതമാണ് ഇസ്‌ലാം. ചിലപ്പോൾ ചില ഇബാദത്തു കളെക്കാൾ പ്രതിഫലം ജനോപകാര പ്രവർത്തനങ്ങൾക്കാണ്.

عَنِ ابْنِ عَبَّاسٍ ، قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، : مَنْ مَشَى فِي حَاجَةِ أَخِيهِ كَانَ خَيْرًا لَهُ مِن اعْتِكَافِ عَشْرِ سِنِينَ ، وَمَنِ اعْتَكَفَ يَوْمًا ابْتِغَاءَ وَجْهِ اللهِ جعَلَ اللهُ بَيْنَهُ وَبَيْنَ النَّارِ ثَلاثَ خَنَادِقَ ، كُلُّ خَنْدَقٍ أَبْعَدُ مِمَّا بَيْنَ الْخَافِقَيْنِ (طبراني/حاكم)

(= മറ്റൊരാളെ സഹായിക്കാൻ ഇറങ്ങി തിരിക്കൽ 10 വർഷത്തെ ഇഅ്തികാഫിനേക്കാൾ പുണ്യം. ഒരു ദിവസത്തെ ഇഅ്തികാഫിന്റെ ഫലം: ഭൂമിയുടെ രണ്ടറ്റത്തിന്റെ മൂന്നിരട്ടി അകലം നരകത്തെ തൊട്ട് ദൂരത്താക്കലാണ്.)

➢ മുവാസാത്തിന് വിവിധ രീതികളും തലങ്ങളുമു ്. എല്ലാം നബി (സ്വ) പഠിപ്പിച്ചവയാണ്.

1. الْمُوَاسَاةُ بِالمَالِ (സാമ്പത്തിക സഹായം) ഉദാഹരണം റമളാൻ കിറ്റുകൾ, നോമ്പ് തുറപ്പിക്കൽ

عن سَلْمَانَ الْفَارِسِيِّ قَالَ النَّبِيُّ (ص) مَنْ فَطَّرَ فِيهِ صَائِمًا كَانَ لَهُ مَغْفِرَةٌ لِذُنُوبِهِ وَعِتْقُ رَقَبَتِهِ مِنَ النَّارِ وَكَانَ لَهُ مِثْلُ أَجْرِهِ مِنْ غَيْرِ أَنْ يُنْتَقَصَ مِنْ أَجْرِهِ شَيْءٌ ، قُلْنَا : يَا رَسُولَ اللهِ لَيْسَ كُلُّنَا نَجِدُ مَا نُفَطِّرُ بِهِ الصَّائِمَ فَقَالَ (ص): يُعْطِي اللهُ هَذَا الثَّوَابَ مَنْ فَطَّرَ صَائِمًا عَلَى مَذْقَةِ لَبَنٍ أَوْ تَمْرَةٍ أَوْ شَرْبَةٍ مِنْ مَاءٍ (ابن خزيمة)

കൂടാതെ ഇപ്പോൾ സ്കൂൾ തുറക്കുന്ന സമയമാണ്. പഠനോപകരണ വിതരണം പുണ്യകർമ്മമാണ്.

2. الْمُوَاسَاةُ بِالجاهِ (സ്ഥാനമാനങ്ങൾ വഴിയുള്ള സഹായം)

നമുക്ക് ലഭിച്ച സ്ഥാനമാനങ്ങൾ വഴി മറ്റുള്ളവർക്ക് ചെയ്യുന്ന ഉപകാരങ്ങൾ. ഉദാ: നമ്മുടെ വാക്ക്/

കത്ത്... വഴി കിട്ടുന്ന സാമ്പത്തിക/അഡ്മിഷൻ/തൊഴിൽ ഉപകാരങ്ങൾ.
ഇതിന്റെ പ്രതിഭലം കാലിടറി നരകത്തിൽ വീഴാതെ രക്ഷപ്പെടലാണ്.

عَنِ ابْنِ عُمَرَ : قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : مَنْ كَانَ وَصْلَةً لأَخِيهِ الْمُسْلِمِ إِلَى ذِي سُلْطَانٍ فِي مَنْفَعَةِ بِرٍّ ، أَوْ تَيْسِيرِ عُسْرٍ ، أُعِينَ عَلَى إِجَازَةِ الصِّرَاطِ يَوْمَ دَحْضِ الأَقْدَامِ.(طبراني/ابن ماجة)

(= ഒരാൾക്ക് ഉപകാരം കിട്ടാനോ പ്രയാസങ്ങൾ മാറാനോ താൻ കാരണക്കാരനായാൽ സ്വിറാത്ത് കടക്കാൻ അല്ലാഹു സഹായിക്കും)

3. الْمُوَاسَاةُ بِاليدِ والخِدْمَة (സന്നദ്ധ സേവനം). ഉദാ: നോമ്പുതുറ വിഭവ വിതരണം/ വൃത്തിയാക്കൽ...

ചരിത്രം: അബൂബക്കർ (റ) ആരുമില്ലാത്ത വൃദ്ധയുടെ വീട്ടിലെത്തി അവരുടെ വസ്ത്രങ്ങളും മറ്റും വൃത്തിയാക്കി കൊടുക്കുമായിരുന്നു.

4. الْمُوَاسَاةُ بِالنَّصِيحةِ والإِرْشَادِ (ഉപദേശങ്ങൾ, മാർഗ ദർശന സഹായങ്ങൾ) ഉദാ: മദ്റസ/ ദർസ്/ പ്രഭാഷണങ്ങൾ/ വഴിപറഞ്ഞ് കൊടുക്കൽ/ അപകടങ്ങൾ ചൂണ്ടിക്കാട്ടൽ. ഇതെല്ലാം പരോപകാരത്തിന്റെ വിവിധ വഴികളാണ്.

5. الْمُوَاسَاةُ بِالدُّعاءِ (ദുആ കൊണ്ടുള്ള സഹായം) വിശ്വാസികളുടെ ക്ഷേമത്തിനും നന്മയ്ക്കും വേണ്ടി ദുആ ചെയ്യുക. (ഗോവധ നിരോധനത്തിന്റെയും കാലി കടത്തിന്റെയും പേരിൽ വടക്കേ ഇന്ത്യയിൽ കൊല്ലപ്പെടുകയും പീഡിപ്പിക്കപ്പെടുകയും തറാവീഹ് നിസ്കാരം കഴിഞ്ഞ് വരവേ മർദ്ധിക്കപ്പെടുകയും ചെയ്ത മർദ്ധിതർക്കായി ദുആ കൊണ്ട് സഹായിക്കുക.)

- ഇവ പരലോക മോക്ഷത്തിന് കാരണമാകും.

وَيُؤْثِرُونَ عَلَىٰ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۚ وَمَن يُوقَ شُحَّ نَفْسِهِ فَأُولَٰئِكَ هُمُ الْمُفْلِحُونَ (الحشر ٩)

അൻസാറുകൾ, ഹിജ്റ ചെയ്ത് വന്നവരെ സഹായിച്ചതുമായി ബന്ധപ്പെട്ടിറങ്ങിയ ആയത്താണിത്.

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : " مَنْ فَرَّجَ عَنْ أَخِيهِ كُرْبَةً مِنْ كُرَبِ الدُّنْيَا فَرَّجَ اللَّهُ عَنْهُ كُرْبَةً مِنْ كُرَبِ يَوْمِ الْقِيَامَةِ ...وَاللهُ فِي عَوْنِ الْعَبْدِ مَا كَانَ الْعَبْدُ فِي عَوْنِ أَخِيهِ (مسلم)

- ദുനിയാവിന്റെ അപകടങ്ങളെ തൊട്ട് രക്ഷപെടാനും കാരണമാകും. ഖദീജ(റ)യുടെ വാക്ക് ഇതിന്റെ തെളിവാണ്.

فَوَاللهِ لَا يُخْزِيكَ اللهُ أَبَدًا وَاللهِ إِنَّكَ لَتَصِلُ الرَّحِمَ وَتَصْدُقُ الْحَدِيثَ وَتَحْمِلُ الْكَلَّ وَتَكْسِبُ الْمَعْدُومَ وَتَقْرِي الضَّيْفَ وَتُعِينُ عَلَى نَوَائِبِ الْحَقِّ (مسلم)

നുബുവ്വത്തിന് മുമ്പ് തന്നെ ഈ ഗുണങ്ങൾ നബി(സ്വ)യുടെ ശീലമായിരുന്നു എന്ന് ഇത് തെളിയിക്കുന്നു.

- ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നത് കടുത്ത തിന്മയാണ്.

أَرَأَيْتَ الَّذِي يُكَذِّبُ بِالدِّينِ (١) فَذَٰلِكَ الَّذِي يَدُعُّ الْيَتِيمَ (٢) وَلَا يَحُضُّ عَلَىٰ طَعَامِ الْمِسْكِينِ (٣)

- അത് സാമ്പത്തീക തകർച്ചക്കും നാശത്തിനും കാരണമാകും.

عَنْ عَبْدِ اللهِ بْنِ عَمْرٍو قَالَ : قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : " إِنَّ لِلهِ عِنْدَ أَقْوَامٍ نِعَمًا يُقِرُّهَا عِنْدَهُمْ مَا كَانُوا فِي حَوَائِجِ النَّاسِ ، مَا لَمْ يَمَلُّوهُمْ فَإِذَا مَلُّوهُمْ نَقَلَهَا مِنْ عِنْدَهِمْ إِلَى غَيْرِهِمْ (طبراني)

(=അല്ലാഹു ചിലരെ സമ്പത്ത് ഏല്പ്പിച്ചിരിക്കുന്നു. അവർ മുസ്‌ലിംകളെ സഹായിക്കുന്ന കാലത്തോളം അവർക്കത് നിലനില്ക്കും. അവർ മടിച്ചാൽ അല്ലാഹു മറ്റുള്ളവരിലേക്ക് അത് മാറ്റിക്കളയും)
ആകയാൽ നോമ്പു തുറപ്പിക്കുക. വിശിഷ്യാ അയൽവാസികളെ/ കുടുംബക്കാരെ.
വിധവകൾ/ സാധുക്കൾ/ യതീമുകളെ സഹായിക്കുക.
ഈ മഹത്ഗുണം കൊ□ ് റമളാൻ നിറഞ്ഞ് നിൽക്കണമെന്നാണ് നബി(സ) പറയുന്നത്.